**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3774** **02-03-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ട്രൈബ്യൂണലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ നിലവിൽ വഖഫ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ കോഴിക്കോട് ആസ്ഥാനമായി ഒരു വഖഫ് ട്രൈബ്യൂണലാണ് നിലവിലുള്ളത്. |
| (ബി) | കൊല്ലത്തും എറണാകുളത്തും നിലവിലുണ്ടായിരുന്ന വഖഫ് ട്രൈബ്യൂണലുകൾ നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നത് പരിശോധിക്കുമോയെന്നറിയിക്കുമോ; | (ബി) | കോഴിക്കോട് ആസ്ഥാനമായി നിലവിലുള്ള വഖഫ് ട്രൈബ്യൂണലിനു പുറമെ അധികമായി വഖഫ് ട്രൈബ്യൂണൽ/ട്രൈബ്യൂണലുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിക്കുകയും വഖഫ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലുള്ള കേസുകളുടെ കണക്കുകൾ പരിശോധിച്ചതിൽ ആയത് കൈകാര്യം ചെയ്യാൻ നിലവിലെ ട്രൈബ്യൂണൽ പര്യാപ്തമാണെന്നു കാണുകയുമുണ്ടായി.<br><br>എന്നാൽ മറ്റ് ജില്ലകളിലെ കക്ഷികളുടെ സൗകര്യാർത്ഥം കൊല്ലം, എറണാകുളം ജില്ലകളിൽ വഖഫ് ട്രൈബ്യൂണൽ ക്യാമ്പ് സിറ്റിംഗ് നടത്തി വരുന്നുണ്ട്. |
| (സി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകളിലെ വഖഫ് കേസുകൾ നടത്തുവാൻ കോഴിക്കോട് വരെ യാത്ര ചെയ്യേണ്ടിവരുന്ന അവസ്ഥ പരിഗണിച്ച് ഈ പ്രദേശങ്ങൾക്കായി ഒരു ട്രൈബ്യൂണൽ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | ബി യുടെ മറുപടി |

സെക്ഷൻ ഓഫീസർ